STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.355/PR/SPMC/PHQ/2026 Date:12.08.2026

<u>പത്രക്കുറിപ്പ്</u>

## പൊലീസ് സ്‌റ്റേഷൻ ഇനി ജനങ്ങൾക്കു സ്വന്തം

## ‘മൈ പൊലീസ് സ്‌റ്റേഷൻ’ ഉദ്ഘാടനം ആഗസ്റ്റ് 14 ന്

കേരള പൊലീസിന്റെ പുതിയ സംരംഭമായ ’മൈ പൊലീസ് സ്‌റ്റേഷൻ’ (My Police Station) പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും ലോഗോ പ്രകാശനവും 2026 ഓഗസ്റ്റ് 14 രാവിലെ 10:30ന് തിരുവനന്തപുരം പേരൂർക്കട പൊലീസ് സ്‌റ്റേഷനിൽ നടക്കും. മുഖ്യമന്ത്രി വി. ഡി. സതീശൻ ചടങ്ങ് ഉദ്ഘാടനം ചെയ്യും. ആഭ്യന്തരവിജിലൻസ് വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല അധ്യക്ഷത വഹിക്കും. സംസ്ഥാന പൊലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ സ്വാഗതം ആശംസിക്കുന്ന ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരൻ മുഖ്യപ്രഭാഷണം നടത്തും.

പരാതിക്കാർക്ക് ആത്മവിശ്വാസത്തോടെ കടന്നുചെല്ലാൻ കഴിയുന്ന സേവനകേന്ദ്രങ്ങളാക്കി പൊലീസ് സ്‌റ്റേഷനുകളെ മാറ്റുക എന്നതാണ് മൈ പൊലീസ് സ്‌റ്റേഷൻ പദ്ധതിയുടെ പ്രധാനലക്ഷ്യം. ആധുനിക ജനാധിപത്യ സമൂഹത്തിന് അനുയോജ്യമായ വിധത്തിൽ പൊഫ്രഷണലിസത്തിലൂടെ സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തി പൊലിസിന്റെ പ്രവർത്തനവും പൊതുജനങ്ങൾക്ക് നൽകുന്ന സേവനവും പടിപടിയായി മെച്ചപ്പെടുത്തുക എന്നതാണ് ഈ പരിഷ്കരണം കൊണ്ടുള്ള ആത്യന്തിക ലക്ഷ്യം.

പൗരന്റെ അന്തസിനെ പൂർണ്ണമായും മാനിച്ചുകൊണ്ട് പൊലീസ് സ്റ്റേഷനിൽ നിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ കാര്യക്ഷമമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക എന്ന വലിയ ചുവടു വയ്പ്പാണിത്. പൊലീസ് സ്റ്റേഷൻ പരിസരം വൃത്തിയായി സൂക്ഷിക്കാനും പൊതുജനസൗഹൃദാന്തരീക്ഷം നിലനിർത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

അതോടൊപ്പം തന്നെ പൊലീസിന്റെ നേട്ടങ്ങളെ പിറകോട്ടടിക്കുന്ന വിധത്തിലുള്ള മൂന്നാം മുറ പൊലുള്ള അപരിഷ്കൃത നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ഇല്ലാതാക്കി ആധുനിക ജനാധിപത്യത്തിന്റെ ഉത്തമമാതൃകയാക്കി നമ്മുടെ പൊലീസ് സ്റ്റേഷനുകളെ മാറ്റാനും ആഭ്യന്തര വകുപ്പ് ഇതിലൂടെ ലക്ഷ്യമിടുന്നു. ഉന്നതമായ ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ പരിശീലനമടക്കമുള്ള കർമ്മ പരിപാടികൾക്ക് പൊലീസ് ഇതിനോടകം തന്നെ തുടക്കം കുറിച്ചുകഴിഞ്ഞു.

പരാതികളുമായി എത്തുന്നവർക്കായി പ്രത്യേക പരാതി ഹെൽപ്പ് ഡെസ്ക്, വനിത ഹെൽപ്പ് ഡെസ്ക്, കുട്ടികളുടെ ഹെൽപ്പ് ഡെസ്ക്, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, ട്രാൻസ്ജെൻഡർ ഹെൽപ്പ് ഡെസ്ക്, ഭിന്നശേഷിക്കാർക്കായുള്ള ഹെൽപ്പ് ഡെസ്ക്, സൈബർ ക്രൈം ഹെൽപ്പ് ഡെസ്ക്, നിയമസഹായ ഹെൽപ്പ് ഡെസ്ക്, വിവിധ അപേക്ഷകൾ, ഓൺലൈൻ സേവനങ്ങൾ, വിവരാവകാശ നിയമം, എഫ്.ഐ.ആർ പകർപ്പ് തുടങ്ങി വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്ക് മൈ പൊലീസ് സ്റ്റേഷനിൽ പദ്ധതിയുടെ ഭാഗമായി നടപ്പാക്കും.

തിരുവനന്തപുരം മേയർ വി. വി. രാജേഷ്, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മിൻഹാജ് ആലം , മുൻ ഡി.ജി.പിയും സംസ്ഥാന പൊലീസ് ഉപദേഷ്ടാവുമായ എ. ഹേമചന്ദ്രൻ, ക്രമസമാധാന വിഭാഗം എ.ഡി.ജി.പി പി. വിജയൻ, സിറ്റി പൊലീസ് കമ്മീഷണർ അരുൾ ആർ. ബി. കൃഷ്ണ പേരൂർക്കട പൊലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ ടി.കെ. വിനോദ് കൃഷ്ണൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

.

***************************